# 4. അകറ്റി നിർത്താം രോഗങ്ങളെ



## A. സാംക്രമികരോഗങ്ങൾ /പകരുന്ന രോഗങ്ങൾ

### വൈറസ്

ഘടന :- പ്രോട്ടീൻ ആവരണത്തിനുള്ളിൽ DNA/RNA. കോശാംഗങ്ങൾ കാണപ്പെടുന്നില്ല.
പ്രവർത്തനം:- ആതിഥേയകോശങ്ങളുടെ ജനിതക സംവിധാനം ഉപയോഗപ്പെടുത്തി പെരുകുന്നു.

**നിപ**



രോഗകാരി :- നിപ വൈറസ്.
പകർച്ച :- പഴം ഭക്ഷിക്കുന്ന വവ്വാലിന്റെ ഉമിനീര്, മൂത്രം വഴിയോ അവ ഭക്ഷിച്ച പന്നിയിലൂടെയോ .

**AIDS**



(Acquired Immuno Deficiency Syndrome)
രോഗകാരി :- <u>HIV</u> (Human Immunodeficiency Virus)
പകർച്ച :- ശരീരദ്രവങ്ങളിലൂടെ,
- സൂചിയും സിറിഞ്ചും പങ്കുവയ്ക്കുന്നതിലൂടെ,
- സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലൂടെ,
- അമ്മയിൽനിന്ന് ഗർഭസ്ഥ ശിശുവിലേക്ക്.


പ്രവർത്തനം:- ലിംഫോസൈറ്റുകളുടെ ജനിതകസംവിധാനമുപയോഗിച്ച് പെരുകുമ്പോൾ ലിംഫോസൈറ്റുകളുടെ എണ്ണം കുറഞ്ഞുവരുന്നു.
ലക്ഷണങ്ങൾ :- രോഗപ്രതിരോധശേഷി ഇല്ലാതാവുന്നു. ഈ അവസ്ഥയിൽ ഏതു രോഗവും പിടിപെടാനും മാരകമാവാനും ഇടയാകുന്നു.
സ്പർശം, ചുംബനം, ഉമിനീര്, ആഹാരം, ചുമ, തുമ്മൽ, പ്രാണികൾ മുതലായവയിലൂടെ AIDS പകരുകയില്ല.

**ഹെപ്പറ്റൈറ്റിസ്**




രോഗകാരി :- ഹെപ്പറ്റൈറ്റിസ് വൈറസ്
പകർച്ച :- മലിനജലം, ആഹാരം, രക്തം, രോഗിയുടെ വിസർജ്യവസ്തുക്കൾ എന്നിവയിലൂടെ.
ലക്ഷണങ്ങൾ :- കരൾവീക്കം, പിത്തരസത്തിലെ <u>ബിലിറൂബിൻ</u> രക്തത്തിൽ കലരുന്നതുകാരണം കണ്ണിലും നഖത്തിനും ശ്ലേഷ്മ സ്തരത്തിനും മഞ്ഞനിറം.

### ബാക്ടീരിയ



ഘടന :- വ്യക്തമായ ന്യൂക്ലിയസ് ഇല്ലാത്ത ഏകകോശ ജീവി (പ്രോകാരിയോട്ട്)
പ്രവർത്തനം:-ദ്വിവിഭജനത്തിലൂടെ പെരുകുമ്പോൾ ഉണ്ടാകുന്ന വിഷവസ്തുക്കൾ കോശങ്ങൾക്ക് നാശവും രോഗബാധയും ഉണ്ടാകുന്നു.

**എലിപ്പനി**



രോഗകാരി :- ലെപ്റ്റോസ്പൈറ.
പകർച്ച :- എലി മൂത്രം കലർന്ന ജലത്തിൽ നിന്നോ ഈർപ്പത്തിലൽനിന്നോ മുറിവിലൂടെ.
ലക്ഷണങ്ങൾ :- ശക്തമായ പനി, തലവേദന, പേശീവേദന, കണ്ണിന് ചുവപ്പ് നിറം, ആന്തര രക്തസ്രാവം.

**ഡിഫ്തീരിയ**

രോഗകാരി :-കോറിനിബാക്ടീരിയം ഡിഫ്തീരിയെ.
പകർച്ച :- ചുമ, തുമ്മൽ എന്നിവയിലൂടെയും നേരിട്ടും.
ലക്ഷണങ്ങൾ :- പനി, തൊണ്ടവേദന, കഴുത്തിലെ ലിംഫ് ഗ്രന്ഥികളിൽ വീക്കം. തൊണ്ടയിൽ കട്ടിയേറിയ ചാര നിറമുള്ള ആവരണം രൂപപ്പെടുന്നു.

**ക്ഷയം**

രോഗകാരി :- മൈക്കോബാക്ടീരിയം ട്യൂബർകുലോസിസ്.
പകർച്ച :- വായുവിലൂടെ.



പ്രധാനമായും ശ്വാസകോശങ്ങളെ ബാധിക്കുന്നു. വൃക്കകൾ, അസ്ഥികൾ, സന്ധികൾ, തലച്ചോറ് എന്നിവയെയും ബാധിക്കാറുണ്ട്.
ലക്ഷണങ്ങൾ :- ഭാരക്കുറവ് അനുഭവപ്പെടുക, ക്ഷീണം, സ്ഥിരമായ ചുമ.
ചികിത്സ :- ആന്റിബയോട്ടിക് ഉപയോഗിച്ച്.
പ്രതിരോധ വാക്സിൻ :- BCG.

### ഫംഗസ്



ഘടന:- പൂപ്പലുകൾ.
പ്രവർത്തനം:- ഇവ ഉൽപാദിപ്പിക്കുന്ന വിഷവസ്തുക്കൾ (ടോക്സിനുകൾ) രോഗകാരണമാവുന്നു.

* **<u>വട്ടച്ചൊറി</u>** (ത്വക്കിൽ വട്ടത്തിലുള്ള ചുവന്ന തിണർപ്പുകൾ)
  - സ്പർശനത്തിലൂടെയും സമ്പർക്കത്തിലൂടെയും പകരുന്ന

* **<u>അത്ലറ്റ്സ് ഫൂട്ട്</u>** (കാൽവിരലുകൾക്കിടയിലും പാദങ്ങളിലും ചൊറിച്ചിലുണ്ടാക്കുന്നചുവന്ന ശല്ക്കങ്ങൾ)
  - മലിനജലവും മണ്ണുമായും ഉള്ള സമ്പർക്കത്തിലൂടെ പകരുന്നു.

### പ്രോട്ടോസോവ

ഘടന:- ഏകകോശ യൂകാരിയോട്ടുകൾ

**മലമ്പനി**

രോഗകാരി :- പ്ലാസ്മോഡിയം.
പകർച്ച :- അനോഫിലിസ് പെൺകൊതുകിലൂടെ.
ലക്ഷണങ്ങൾ :-വിറയലോടുകൂടിയ പനി, അമിതവിയർപ്പ് എന്നിവ പ്രധാന ലക്ഷണങ്ങൾ. കൂടാതെ തലവേദന, ഛർദ്ദി, വയറിളക്കം, വിളർച്ച.

### ഫൈലേറിയൽ വിര



**മന്ത്**

പകർച്ച :- ക്യൂലക്സ് കൊതുകിലൂടെ.
ലക്ഷണങ്ങൾ :- ലിംഫ്‌വാഹികളിൽ വിരകൾ തങ്ങി ലിംഫിന്റെ പ്രവാഹം തടസ്സപ്പെടുത്തുന്നതുമൂലം ലിംഫ്‌വാഹികൾ വീങ്ങുന്നു.

## B. പകരാത്ത (രോഗാണുക്കളില്ലാത്ത) രോഗങ്ങൾ

### ജനിതകരോഗങ്ങൾ


* **ഹീമോഫീലിയ**

രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന പ്രോട്ടീനുകളുടെ ഉൽപാദനത്തെ നിയന്ത്രിക്കുന്ന ജീനുകൾക്ക് വൈകല്യം സംഭവിക്കുന്നതിനാൽ അത്തരം പ്രോട്ടീനുകളുടെ ഉല്പാദനം തകരാറിലാവുകയും ചെറിയ മുറിവിൽ നിന്നുപോലും അമിതമായി രക്തനഷ്ടം ഉണ്ടാവുകയും ചെയ്യുന്ന രോഗാവസ്ഥ.

തകരാറിലായ പ്രോട്ടീൻ ഏതെന്ന് കണ്ടെത്തി അത് കുത്തിവെച്ച് താല്ക്കാലിക ശമനമുണ്ടാക്കുന്നു. രോഗികൾക്ക് പ്രത്യേക കരുതൽ പ്രധാനം.

* **സിക്കിൾ സെൽ അനീമിയ** (അരിവാൾ രോഗം)

ജീനുകൾക്ക് ഉണ്ടാകുന്ന വൈകല്യം അമിനോ ആസിഡുകളുടെ ക്രമീകരണത്തിൽ മാറ്റം വരുത്തുന്നതിനാൽ ഹീമോഗ്ലോബിന്റെ ഘടനയിൽ വ്യത്യാസം വരികയും അരുണരക്താണുക്കൾ അരിവാൾപോലെ ആയിത്തീരുകയുംചെയ്യുന്നു. ഇത് അവയുടെ ഓക്സിജൻ വാഹകശേഷികുറയുന്നതിനും ചിലപ്പോൾ രക്തക്കുഴലിൽ തങ്ങി



നിന്ന് രക്തപ്രവാ ഹം തടസ്സപ്പെടുന്നതിനും കാരണ മാവുന്നു.

### കാൻസർ

അനിയന്ത്രിതമായ കോശവിഭജനം വഴി കോശങ്ങൾ പെരുകി ഇതരകലകളിലേക്ക് വ്യാപിക്കുന്ന രോഗാവസ്ഥ.

കാരണങ്ങൾ :- പരിസ്ഥിതി ഘടകങ്ങൾ, പുകവലി, വികിരണം, വൈറസ്, പാരമ്പര്യഘടകങ്ങൾ, ജനിതക മാറ്റങ്ങൾ മുതലായവ മൂലം കോശവിഭജന പ്രക്രിയയിലെ നിയന്ത്രണ സംവിധാനങ്ങൾ തകരാറിലാവുന്നത്.

ചികിത്സ:- ശസ്ത്രക്രിയ, രാസചികിത്സ, വികിരണ ചികിത്സ.

നേരത്തേ രോഗബാധ തിരിച്ചറിയുകയെന്നത് പ്രധാനം.

### ജീവിതശൈലീ രോഗങ്ങൾ

അനാരോഗ്യകരമായജീവിതരീതി മൂലം സംഭവിക്കാം. (ഭക്ഷണശീലത്തിലെ മാറ്റങ്ങൾ, വ്യായാമമില്ലായ്മ, മാനസിക സംഘർഷം, ഉറക്കക്കുറവ്, ദുശ്ശീലങ്ങളായ പുകവലി, മദ്യപാനം, മയക്കു മരുന്ന് ഉപയോഗം ....)

**പ്രമേഹം** :- ഇൻസുലിന്റെ കുറവോ അതിന്റെ പ്രവർത്തന വൈകല്യമോ.

**ഫാറ്റി ലിവർ**:- കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നത്.

**പക്ഷാഘാതം**:- മസ്തിഷ്കത്തിലെ രക്തക്കുഴലുകൾ പൊട്ടുന്നതോ രക്തപ്രവാഹം തടസ്സപ്പെടുന്നതോ.

**അമിത രക്തസമ്മർദ്ദം** :- കൊഴുപ്പടിഞ്ഞ് ധമനീവ്യാസം കുറയുന്നത്.

**ഹൃദയാഘാതം** :- കൊറോണറി ധമനികളിൽ കൊഴുപ്പടിഞ്ഞ് ഹൃദയപേശികളിലേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുന്നത്.

**<u>പുകവലി മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ</u>**

- നാഡീവ്യവസ്ഥയെ ബാധിച്ച് പക്ഷാഘാതം, നിക്കോട്ടിനോട് വിധേയത്വം.
- ശ്വസനവ്യവസ്ഥയെ ബാധിച്ച് ശ്വാസകോശ കാൻസർ, ബ്രോങ്കൈറ്റിസ്, എംഫിസീമ.
- രക്തപര്യയനവ്യവസ്ഥയെ ബാധിച്ച് ഉയർന്ന രക്തസമ്മർദ്ദം, ധമനികളുടെ ഇലാസ്തികത നഷ്ടപ്പെടൽ, ഹൃദയത്തിന്റെ പ്രവർത്തനക്ഷമത കുറയൽ.

ലഹരിവസ്തുക്കളുടെ ഉപഭോഗം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കിയേക്കാം.

### ജന്തുരോഗങ്ങൾ

ബാക്ടീരിയാ രോഗങ്ങൾ : **ആന്ത്രാക്സ്, അകിടുവീക്കം**

വൈറസ് രോഗം : **കുളമ്പുരോഗം**

### സസ്യരോഗങ്ങൾ

ബാക്ടീരിയാ രോഗങ്ങൾ : നെല്ലിന്റെ **ബ്ലൈറ്റ്**, വഴുതനയിലെ **വാട്ടം**.

വൈറസ് രോഗങ്ങൾ : പയറിലെയും മരച്ചീനിയിലെയും **മൊസൈക്**, വാഴയിലെ **കുറുനാമ്പ്**.

ഫംഗസ് രോഗങ്ങൾ : കുരുമുളകിന്റെ **ദ്രുതവാട്ടം**, തെങ്ങിന്റെ **കൂമ്പുചീയൽ.**

*Rasheed Odakkal, 9846626323, GVHSS Kondotty*
*Visit : odakkal blog*
*Youtube : Rasheed Odakkal*